2025 MAY
12
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# നമ്മൾ നേടി: വിജയം പ്രഖ്യാപിച്ച് ഇന്ത്യൻ സൈനിക നേതൃത്വം

**ന്യൂഡൽഹി:** ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം തെളിവുകൾ നിരത്തി വിശദീകരിച്ച് സേനാ നേതൃത്വം. ഡിജിഎംഒയുടെ നേതൃത്വത്തിൽ കര, നാവിക, വ്യോമ സേനകളിലെ ഉന്നത ഉദ്യോഗസ്ഥർ നടത്തിയ അസാധാരണ വാർത്താ സമ്മേളനത്തിൽ കഴിഞ്ഞ ഏഴു മുതൽ 10ന് വെടിനിർത്തൽ പ്രഖ്യാപിക്കുന്നതുവരെയുള്ള പാക് പ്രകോപനത്തെയും തിരിച്ചടിയെയും സംബന്ധിച്ച് ലോകത്തിനു മുന്നിൽ വിശദീകരിച്ചു.

ഭീകരക്യാംപുകളിലും പാക് വ്യോമതാവളങ്ങളിലും നടത്തിയ ആക്രമണങ്ങളും നാശനഷ്ടങ്ങളും ചിത്രങ്ങൾ ഉൾപ്പെടെ പുറത്തുവിട്ടാണ് തുറന്നുകാട്ടിയത്. പാക്കിസ്ഥാൻ നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണങ്ങൾ ശക്തമായി പ്രതിരോധിച്ചെന്നും മൂന്നു ഡ്രോണുകൾ മാത്രമാണ് ഇന്ത്യൻ മണ്ണിൽ പതിച്ചതെന്നും ഡിജിഎംഒ ലെഫ്റ്റനൻറ് ജനറൽ രാജീവ് ഘായ് വ്യക്തമാക്കി. ഇവയ്ക്കു കാര്യമായ ഒരു ആഘാതവുമുണ്ടാക്കാനായില്ലെന്നും അദ്ദേഹം. എന്നാൽ, പാക്കിസ്ഥാൻറെ നിരവധി വിമാനങ്ങളും വ്യോമപ്രതിരോധ സംവിധാനവും ഇന്ത്യ തകർത്തു. ഭീകരർക്കു തിരിച്ചടി നൽകുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. അതു നമ്മൾ നേടി.



എയർ ഓപ്പറേഷൻസ് ഡയറക്റ്റർ ജനറൽ എയർമാർഷൽ അവധേശ് കുമാർ ഭാരതി, നേവൽ ഓപ്പറേഷൻസ് ഡയറക്റ്റർ ജനറൽ വൈസ് അഡ്മിറൽ എ.എൻ. പ്രമോദ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

മേയ് 7ലെ ആക്രമണത്തിൽ തകർത്തത് 9 ഭീകര കേന്ദ്രങ്ങൾ. 100ലധികം ഭീകരരെ വധിച്ചു. കാന്ധഹാർ വിമാനറാഞ്ചൽ, പുൽവാമ ആക്രമണം എന്നിവയ്ക്കു പിന്നിൽ പ്രവർത്തിച്ച കൊടുംഭീകർ യൂസുഫ് അസർ, അബ്ദുൾ മാലിക് റൗഫ്, മുദാസിർ അഹമ്മദ് എന്നിവരും കൊല്ലപ്പെട്ടു. ഇന്ത്യയുടെ തിരിച്ചടി ഭയന്ന് ചില കേന്ദ്രങ്ങളിൽ നിന്നു ഭീകരരെ മാറ്റിയിരുന്നു. ഇതു തിരിച്ചറിഞ്ഞാണ് ആക്രമണ ലക്ഷ്യം തീരുമാനിച്ചത്. മുരിദ്കെയിൽ തകർത്തത് കസബിനും ഹെഡ്ലിക്കും പരിശീലനം നൽകിയ കേന്ദ്രം. ബഹാവൽപുരിലേത് ജയ്ഷ് ഇ മുഹമ്മദിൻറെ പ്രധാന കേന്ദ്രം.

90 മണിക്കൂർ നീണ്ടു നിന്ന സംഘർഷത്തിൽ 35 40 പാക് സൈനികർ കൊല്ലപ്പെട്ടു. നിയന്ത്രണ രേഖയിലെ വെടിവയ്പ്പിലാണ് ഇവർ കൊല്ലപ്പെട്ടത്. ഇന്ത്യയ്ക്ക് അഞ്ചു ജവാന്മാരെ നഷ്ടമായി. നിയന്ത്രണ രേഖയിലെ വെടിവയ്പ്പിലാണ് ഇവർ വീരമൃത്യു വരിച്ചത്.

പാക്കിസ്ഥാൻറെ ജെറ്റ് വിമാനങ്ങൾ വെടിവച്ചിട്ടെന്ന് എയർമാർഷൽ എ.കെ. ഭാരതി അറിയിച്ചു. പാക് ഡ്രോണുകളും തകർത്തു. പാക് വിമാനങ്ങളെ ഇന്ത്യൻ വ്യോമപരിധിയിൽ കടക്കാൻ അനുവദിച്ചില്ല. പാക്കിസ്ഥാനിലെ വ്യോമതാവളങ്ങളും റഡാർ സ്റ്റേഷനുകളും തകർത്തു. റഫീഖി, ചുനിയാൻ, സർഗോധ, റഹിംയാർഖാൻ, സുക്കൂർ, ഭോലാരി, ജക്കോബാബാദ് അടക്കമുള്ള വ്യോമതാവളങ്ങളും പസ്രൂരിലെ റഡാർ കേന്ദ്രവും തകർത്തു. പാക്കിസ്ഥാൻറെ ഏതു സംവിധാനവും തകർക്കാൻ നമുക്കു കഴിയുമെന്നു തെളിയിച്ചെന്നും അദ്ദേഹം. പാക് സേനയുടെ എഫ് 16, ജെഎഫ് 17 യുദ്ധവിമാനങ്ങൾ സ്ഥിതി ചെയ്യുന്ന താവളമാണ് സർഗോധ.

# സാമ്പത്തിക യുദ്ധത്തിനില്ലെന്ന് ചൈന, തീരുവ യുദ്ധം തീർക്കാൻ യുഎസ്– ചൈന ധാരണ



**ജനീവ:** യുഎസും ചൈനയും തമ്മിലുള്ള 'തീരുവ യുദ്ധം' പരിഹരിക്കാൻ ഇരുരാജ്യങ്ങളും നടത്തിയ ചർച്ചയിൽ ഏകദേശ ധാരണ. വ്യവസ്ഥകൾ വിശദീകരിക്കാൻ തൽക്കാലം പരിമിതിയുണ്ടെന്ന് രണ്ടു രാജ്യങ്ങളും അറിയിച്ചെങ്കിലും ഇന്ന് ഔദ്യോഗിക അറിയിപ്പ് പുറത്തുവരുമെന്നാണ് സൂചന. ചർച്ചകൾ സൗഹാർദപരവും ക്രിയാത്മകവുമായിരുന്നെന്ന് ചൈനീസ് ഉപപ്രധാനമന്ത്രി ഹീ ലിഫെങ് പറഞ്ഞു. യുഎസുമായി സാമ്പത്തികയുദ്ധത്തിന് ചൈനയ്ക്ക് താൽപര്യമില്ല. എന്നാൽ, ചൈനയുടെ താൽപര്യം സംരക്ഷിച്ചേ മതിയാകൂവെന്നും അദ്ദേഹം പറഞ്ഞു.

രഹസ്യ ചർച്ച തുടങ്ങിയതിനു പിന്നാലെ ചർച്ചയിൽ വലിയ പുരോഗതിയുണ്ടായെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പരസ്യമായി വ്യക്തമാക്കിയിരുന്നു. തുടക്കത്തിൽ ഇതിനോട് സമൂഹമാധ്യമത്തിലൂടെ രൂക്ഷമായ ഭാഷയിൽ പ്രതികരിച്ച ചൈന പിന്നീട് ചർച്ചകൾ കാര്യക്ഷമമായി മുന്നോട്ടു പോകുകയാണെന്ന സൂചനയാണ് നൽകിയത്. ചർച്ച രണ്ടാം ദിവസത്തിലേക്കു കടന്നപ്പോഴാണ് ട്രംപിന്റെ പ്രസ്താവന വന്നത്. സ്വിസ് അംബാസഡറുടെ വസതിയിൽ നടന്ന ചർച്ചയിൽ പങ്കെടുത്തവർ മാധ്യമങ്ങളോട് സംസാരിക്കാൻ തയാറായില്ല. ചർച്ച തുടങ്ങുന്നതിനു മുൻപ് താരിഫ് 80% ആയി കുറയ്ക്കാൻ സന്നദ്ധത ട്രംപ് പ്രകടിപ്പിച്ചു. ട്രഷറി വകുപ്പ് മേധാവി സ്കോട്ട് ബെസെന്റ് ആണ് യുഎസ് സംഘത്തെ നയിക്കുന്നത്.

കഴിഞ്ഞ മാസം ട്രംപ് ചൈനീസ് സാധനങ്ങൾക്ക് 145% തീരുവ പ്രഖ്യാപിച്ചതോടെ ചൈന 125% തീരുവ പ്രഖ്യാപിച്ച് തിരിച്ചടിച്ചിരുന്നു. കഴിഞ്ഞവർഷം 660 ബില്യൻ യുഎസ് ഡോളറിന്റെ വ്യാപാരം നടത്തിയ ഇരു രാജ്യങ്ങളും പരസ്പരം ബഹിഷ്കരിക്കുന്നതിനു സമാനമായി ഈ ഏറ്റുമുട്ടൽ.

# വീണ്ടും പാക്ക് പ്രകോപനം; അതിർത്തിയിൽ അതീവ ജാഗ്രത



**ന്യൂഡൽഹി:** ഇന്ത്യ-പാക്ക് സംഘർഷത്തിന്റെ സാഹചര്യത്തിൽ അതിർത്തി പ്രദേശങ്ങളിൽ അതീവ ജാഗ്രത. വെടിനിർത്തലിന് ധാരണയായെങ്കിലും പാക്കിസ്ഥാന്റെ ഭാഗത്തുനിന്ന് ഇന്നലെ പ്രകോപനം ഉണ്ടായി. ജമ്മു കശ്മീരിൽ ചിലയിടങ്ങളിൽ രാത്രി പാക്കിസ്ഥാന്റെ ഷെല്ലാക്രമണം ഉണ്ടായതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സൈന്യം ശക്തമായി തിരിച്ചടിച്ചു. വെടിനിർത്തൽ പ്രഖ്യാപനമുണ്ടായെങ്കിലും പാക് ഭീകരർ പ്രകോപനം ഉണ്ടാക്കുകയാണ്. പാക്ക് ഭീകരരുടെ നടപടികൾ ഇന്ത്യ ജാഗ്രതയോടെ നിരീക്ഷിക്കുകയാണ്. ശക്തമായി തിരിച്ചടിക്കാൻ സൈന്യത്തിന് നിർദേശം നൽകി. പാക്കിസ്ഥാന്റെ ഏതു വെല്ലുവിളിയും നേരിടാൻ സജ്ജമാണെന്ന് സൈന്യം വ്യക്തമാക്കി.

പഞ്ചാബിൽ പാക്കിസ്ഥാൻ അതിർത്തിയോട് ചേർന്ന 5 ജില്ലകളിലെ സ്കൂളുകൾക്ക് തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. മറ്റുള്ള ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കും. രാജസ്ഥാനിലെ ജയ്സൽമേർ ജില്ലയിൽ ഞായറാഴ്ച രാത്രി 7.30 മുതൽ തിങ്കളാഴ്ച രാവിലെ 6 വരെ ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചു.

സുരക്ഷയുടെ ഭാഗമായി വീടുകളിലെ വിളക്കുകൾ അണയ്ക്കാൻ അധികൃതർ നിർദേശിച്ചു. പാക്കിസ്ഥാൻ ചിലയിടങ്ങളിൽ വെടിനിർത്തൽ കരാർ ലംഘിച്ച സാഹചര്യത്തിൽ പഞ്ചാബിലെ ഭട്ടിൻഡ ജില്ലാ ഭരണകൂടവും ജനങ്ങളോട് രാത്രിയിൽ ലൈറ്റുകൾ അണച്ച് ജാഗ്രത പാലിക്കാൻ നിർദേശിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡെങ്കിപ്പനി: വീടുകളിൽ ഉറവിട നശീകരണം കർശനമായി നടത്തണം ആരോഗ്യവകുപ്പ്

**കണ്ണൂർ:** മലയോര മേഖലകളിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ വീടുകളിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ കർശനമായി നടപ്പാക്കണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി. ഡെങ്കി കൊതുകുകൾക്ക് മുട്ടയിടാനുള്ള സാഹചര്യം സൃഷ്ടിക്കരുത്. ഇൻഡോർ ഫ്ലവർ പോട്ട്, തർപ്പായ, ഫ്രിഡ്ജിലെ ഡ്രയ്നേജ് ട്രേ എന്നിവിടങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. മഴക്കാല രോഗങ്ങൾക്കെതിരെയുള്ള ക്യാമ്പയിൻ പൊതുജന പിന്തുണയോടെ വിജയിപ്പിക്കാൻ എല്ലാ ആരോഗ്യ പ്രവർത്തകരും മുന്നിട്ടിറങ്ങണമെന്ന് ഡി എം ഒ അഭ്യർത്ഥിച്ചു. അതോടൊപ്പം കുറ്റിയാട്ടൂർ മേഖലയിൽ മഞ്ഞപ്പിത്തം പകരുന്ന സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ ഉൾപ്പെടെയുള്ള പൊതു സ്ഥലങ്ങളിൽ സാമൂഹിക അകലം പാലിക്കണമെന്നും പൊതു സ്ഥലങ്ങളിൽ ഭക്ഷണം പങ്കു വെക്കുന്ന ഇടങ്ങളിൽ ആരോഗ്യ വകുപ്പ് നിരീക്ഷണം ശക്തമാക്കുമെന്നും ഡി എം ഒ അറിയിച്ചു.

ആരോഗ്യ വകുപ്പിന്റെ നിർദേശം പാലിക്കാത്തവർക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം കർശന നടപടി എടുക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ പിയൂഷ് എം നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന ജില്ലാതല സർവേലൻസ് യോഗം തീരുമാനിച്ചു.

തോട്ടം മേഖലകളിൽ മഴവെള്ളം കെട്ടി കിടക്കുന്നതിനാൽ കൊതുകിന്റെ സാന്ദ്രത വർധിച്ചു. ഇടവിട്ടുള്ള മഴയും റബ്ബർ തോട്ടങ്ങളിൽ ചിരട്ടകൾ കമഴ്ത്തി വെക്കാൻ വൈമുഖ്യം കാണിക്കുന്നതും കൊതുകിന്റെ ഉറവിടങ്ങൾ പെരുകാൻ കാരണമായതായി പരിശോധനയിൽ കണ്ടെത്തി. ജില്ലയിൽ ഈ വർഷം ഇതുവരെ 586 ഡെങ്കി കേസുകൾ റിപ്പോർട്ട് ചെയ്തു. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് ആറളം, കൊട്ടിയൂർ പഞ്ചായത്തുകളിലാണ്. ഇരുപഞ്ചായത്തുകളിലും 40 വീതം കേസുകളാണ് റിപ്പോർട്ട് ചെയ്തത്. കൊട്ടിയൂർ 40, അയ്യങ്കുന്ന് 36, ചെമ്പിലോട് 33, പേരാവൂർ 30, മുഴക്കുന്ന് 30, കേളകം 29, ചെറുപുഴ 17, കുന്നോത് പറമ്പ് 17, ഇരിട്ടി 17, കോളയാട് 15 എന്നിങ്ങനെയാണ് മറ്റു പഞ്ചായത്തുകളിലെ ഡെങ്കിപ്പനി കണക്കുകൾ. തോട്ടം മേഖലയിൽ ആണ് ഡെങ്കിപ്പനി കൂടുതലും റിപ്പോർട്ട് ചെയ്തത്. ജില്ലയിലെ മലയോര മേഖലയിൽ ഉൾപ്പെടെ ആരോഗ്യ വകുപ്പ് മാർച്ച് 10 മുതൽ ഏപ്രിൽ 19 വരെ വ്യാപകമായ മഴക്കാല രോഗ പ്രതിരോധ ജനകീയ ക്യാമ്പയിൻ നടത്തിയിരുന്നു. തോട്ടം മേഖലയിൽ തോട്ടം ഉടമകളുടെ യോഗം ചേരുകയും കൊതുകിന്റെ ഉറവിട നശികരണത്തിന് നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നതായി ഡി.എം.ഒ അറിയിച്ചു.



# കേരളം വികസനപാതയിൽ അതിവേഗം സഞ്ചരിക്കുന്നെന്ന് മന്ത്രി കേളു

**കോഴിക്കോട്:** കേരളം വികസനത്തിന്റെ പാതയിൽ അതിവേഗം സഞ്ചരിക്കുകയാണെന്നും എല്ലാ ജനവിഭാഗങ്ങളെയും അണി നിരത്തിയുള്ള മുന്നേറ്റമാണ് നടക്കുന്നതെന്നും പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു. പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൂണേരിയിൽ നിർമിച്ച ഗവ. ഐടിഐ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പോലീസ്, എക്സൈസ്, വനം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലേക്ക് എസ്സി, എസ്ടി വിഭാഗങ്ങളിൽ ഉള്ളവരെ നേരിട്ട് നിയമിക്കാൻ സർക്കാരിന് സാധിച്ചതിലൂടെ ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. തൊഴിലധിഷ്ഠിത കോഴ്സുകളും വിദേശ വിദ്യാഭ്യാസ സാധ്യതകളും ഇവരിലേക്ക് എത്തിക്കാനായെന്നും അദ്ദേഹം പറഞ്ഞു.

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന സാങ്കേതിക വൈദഗ്ധ്യത്തിൽ തൽപരരായ മിടുക്കരായ വിദ്യാർഥികൾക്ക് ആധുനിക സൗകര്യത്തോടെ പഠന സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പട്ടികജാതി വികസന വകുപ്പ് 3.64 കോടി രൂപ ചെലവിട്ട് ഐടിഐ സിവിൽ പ്രവൃത്തികളും 23.37 ലക്ഷം രൂപ ചെലവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തിയാക്കിയത്. സന്ദർശന മുറി, ഓഫീസ് മുറി, സ്റ്റാഫ് പ്രിൻസിപ്പൽ റൂം, സിവിൽ ആൻഡ് ഇലക്ട്രിക്കൽ പരിശീലന ഹാളുകൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുള്ള ടോയ്ലറ്റുകൾ, ഡ്രസ്സിങ് റൂം, സ്റ്റോർ റൂം, തിയറി ക്ലാസ് റൂമുകൾ, സെമിനാർ ക്ലാസ് റൂം, ലൈബ്രറി റീഡിങ് റൂം തുടങ്ങിയ സൗകര്യങ്ങൾ കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചടങ്ങിൽ ഇ കെ വിജയൻ എം.എൽ എ അധ്യക്ഷത വഹിച്ചു. മുൻ മന്ത്രി എ കെ ബാലൻ മുഖ്യാതിഥിയായി. തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി വനജ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുധ സത്യൻ, ജില്ലാ പഞ്ചായത്ത് അംഗം സുരേഷ് മാസ്റ്റർ കൂടത്താങ്കണ്ടി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വളപ്പിൽ കുഞ്ഞമ്മദ് മാസ്റ്റർ, ജന പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഹജ്ജ് :കണ്ണൂരിൽ നിന്നുള്ള ആദ്യ സംഘം പുറപ്പെട്ടു

**കണ്ണൂർ:** ഹജ്ജ് തീർത്ഥാടനത്തിനായി കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ സംഘം പുറപ്പെട്ടു. ഹജ്ജ് ഓർഗനൈസിങ് കമ്മിറ്റി വർക്കിങ് ചെയർമാൻ കൂടിയായ മട്ടന്നൂർ നഗരസഭ ചെയർമാൻ എൻ. ഷാജിത്ത് മാസ്റ്റർ ഫ്ലാഗ് ഓഫ് ചെയ്തു. ഞായറാഴ്ച പുലർച്ചെ 3.45 ന് 82 സ്ത്രീകളും 88 പുരുഷന്മാരും ഉൾപ്പെടെ 170 പേരാണ് എയർ ഇന്ത്യ എക്സ്പ്രസ്സിൽ യാത്ര പുറപ്പെട്ടത്. കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നുള്ളവരാണ് സംഘത്തിലുള്ളത്. മുൻ എം.എൽ.എ എം.വി. ജയരാജൻ, കിയാൽ എം. ഡി. ദിനേശ് കുമാർ, ഹജ്ജ് കമ്മിറ്റി അംഗങ്ങളായ പി. പി.മുഹമ്മദ് റാഫി, ഒ.വി. ജയാഫർ, ഷംസുദീൻ അറിഞ്ഞിറ, എ.കെ.ജി ആശുപത്രി ചെയർമാൻ പി. പുരുഷോത്തമൻ, ഹജ്ജ് സെൽ ഓഫീസർ എസ്. നജീബ്, ഹജ്ജ് ക്യാമ്പ് നോഡൽ ഓഫീസർ എം.സി.കെ അബ്ദുൽ ഗഫൂർ എന്നിവർ പങ്കെടുത്തു.





# ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

**കോഴിക്കോട്:** ഭിന്നശേഷിക്കാർക്ക് വിവിധ സഹായ ഉപകരണങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്തു. സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനാണ് ഒമ്പത് ലക്ഷം രൂപയുടെ സഹായോപകരണങ്ങൾ കൈമാറിയത്.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ വിതരണോദ്ഘാടനം നിർവഹിച്ചു. വെല്ലുവിളികൾ നേരിടുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള കൂട്ടായ ശ്രമമാണ് നടക്കേണ്ടതെന്നും ആരോഗ്യ മേഖലയിൽ വന്നിട്ടുള്ള വളർച്ച പ്രയാസം നേരിടുന്നവർക്ക് കൂടുതൽ സഹായകരമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങളാണ് നൽകിയത്. 32 പേർക്ക് ശ്രവണ സഹായി, 22 പേർക്ക് സഹായ ഉപകരണം, തീവ്ര ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവയാണ് കൈമാറിയത്. ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. എം വി ജയഡാളി അധ്യക്ഷത വഹിച്ചു. സിആർസി ഡയറക്ടർ ഡോ. റോഷൻ ബിജിലി, ജില്ലാ സാമൂഹിക നീതി ഓഫീസർ അഞ്ജു മോഹൻ, സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ എംഡി കെ മൊയ്തീൻകുട്ടി, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം ഗിരീഷ് കീർത്തി എന്നിവർ സംസാരിച്ചു.

## അപേക്ഷാ തിയതി 15 വരെ നീട്ടി

**കോഴിക്കോട്:** ജില്ലാ ഭരണകൂടത്തോടൊപ്പം വിവിധ വികസന, സാമൂഹികക്ഷേമ പദ്ധതികളിൽ പ്രവർത്തിക്കാൻ അവസരമൊരുക്കുന്ന ജില്ലാ കലക്ടറുടെ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ പുതിയ ബാച്ചിലേക്ക് അപേക്ഷിക്കാനുള്ള അവസാന തിയതി മെയ് 15 വരെ നീട്ടി. 2025 മെയ്സെപ്റ്റംബർ കാലയളവിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. പത്ത് വർഷം പിന്നിട്ട പ്രോഗ്രാമിന്റെ മുപ്പതാമത് ബാച്ചാണിത്. ഏതെങ്കിലും വിഷയത്തിലെ ബിരുദമാണ് അടിസ്ഥാന യോഗ്യത.

സഹമിത്ര' ഭിന്നശേഷി രേഖ വിതരണം, പട്ടികവർഗ വിഭാഗക്കാരുടെ അടിസ്ഥാന രേഖ വിതരണം, ഉന്നതികളിലെ സമഗ്ര വിവരശേഖരണം, അടിസ്ഥാന സൗകര്യ വികസനം, സൗഖ്യ ജീവിതശൈലി രോഗങ്ങൾ സംബന്ധിച്ച ബോധവത്കരണം, മെഡിക്കൽ ക്യാമ്പുകൾ, ഹാപ്പി ഹിൽ ക്ഷേമ ഭവനങ്ങളിലുള്ളവർക്കുള്ള പിന്തുണ പ്രവർത്തനങ്ങൾ, ഉദ്യോഗജ്യോതി തൊഴിൽ പിന്തുണ പദ്ധതി, ഇലക്ടറൽ ലിറ്ററസി ക്ലബ് രൂപീകരണം, വോട്ടർ രജിസ്ട്രേഷൻ, വിനോദസഞ്ചാര പ്രചാരണ പ്രവർത്തനങ്ങൾ, മാനസികാരോഗ്യം സംബന്ധിച്ച പ്രചാരണങ്ങൾ, സമൂഹമാധ്യമ ക്യാമ്പയിനുകൾ തുടങ്ങിയവയിലാണ് ഇന്റേൺസ് പ്രവർത്തിക്കുക.

പൊതുഭരണ സംവിധാനങ്ങളെ അടുത്തറിയാൻ അവസരമൊരുക്കി സർക്കാർ പദ്ധതികളിലും വികസന പരിപാടികളിലും പദ്ധതി ആസൂത്രണ ഘട്ടം മുതൽ സജീവ യുവജന പങ്കാളിത്തം ഉറപ്പുവരുത്തി കൂടുതൽ കാലികവും ക്രിയാത്മകവുമായ മുന്നേറ്റം സാധ്യമാക്കുക എന്നതാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ സർക്കാർ പദ്ധതികളെ വിശകലനം ചെയ്യാൻ അവസരമൊരുക്കുക വഴി വിമർശനാത്മകമായി വിഷയങ്ങളെ സമീപിക്കാനും പ്രശ്നപരിഹാരത്തിനുള്ള കഴിവ് ആർജ്ജിക്കുന്നതിനും യുവജനങ്ങളെ സഹായിക്കും വിധമാണ് പരിപാടി ക്രമീകരിച്ചിട്ടുള്ളത്.

ഇന്റേൺഷിപ്പിന്റെ ഭാഗമാകാൻ താൽപര്യമുള്ളവർ www.dcip.co.in എന്ന വെബ്സൈറ്റിൽ നൽകിയ ഫോം പൂരിപ്പിച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നാല് മാസമാണ് കാലാവധി. അപേക്ഷകളിൽനിന്ന് പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം. സ്റ്റൈപ്പന്റ് ഉണ്ടാകില്ല. വിശദ വിവരങ്ങൾക്ക് 96336 93211 നമ്പറിൽ വിളിക്കുകയോ projectcellclt@gmail.com ഇമെയിലിൽ ബന്ധപ്പെടുകയോ ചെയ്യാം.

# റെക്കോഡ് വിൽപ്പന കരുത്തായി; കുടുംബശ്രീയുടെ കേരള ചിക്കൻ ഇനി കേരളം മുഴുവനും

കഴിഞ്ഞ സാമ്പത്തികവർഷം നേടിയ റെക്കോഡ് വിൽപ്പനയുടെ പിൻബലത്തിൽ കുടുംബശ്രീയുടെ കേരള ചിക്കൻ ഇനി എല്ലാ ജില്ലകളിലേക്കും എത്തുന്നു. സംസ്ഥാനത്ത് കോഴിയിറച്ചിവില നിശ്ചയിക്കുന്നതിനുള്ള നിർണായകശക്തിയായി കേരള ചിക്കനെ മാറ്റാനുള്ള നടപടികളും ഇതോടൊപ്പം ആരംഭിച്ചിട്ടുണ്ട്.

വർധിച്ചുവരുന്ന കോഴിയിറച്ചി വില നിയന്ത്രിക്കുക, ഗുണനിലവാരമുള്ള കോഴിയിറച്ചി സംസ്ഥാനത്ത് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കുടുംബശ്രീസംരംഭകരുടെ പങ്കാളിത്തത്തോടെ കേരള ചിക്കൻ പദ്ധതി ആരംഭിച്ചത്. നിലവിൽ, 454 ഫാമുകളും 130 വിൽപ്പനശാലകളുമുണ്ട്. പ്രതിദിനം 58,000 കിലോ കോഴിയിറച്ചി വിപണനശാലകൾവഴി വിൽക്കുന്നുണ്ട്.സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഇറച്ചിക്കോഴിയുടെ എട്ടുശതമാനം ഉത്പാദിപ്പിക്കുന്നത് ഈ പദ്ധതിവഴിയാണ്. 202425 സാമ്പത്തികവർഷം 105.63 കോടി രൂപയുടെ സർവകാല റെക്കോഡ് വിൽപ്പന കേരള ചിക്കൻ നേടിയിരുന്നു. ആവശ്യക്കാർ ഏറെയുള്ളതിനാൽ, ഉത്പാദനം വർധിപ്പിച്ച് കോഴിയിറച്ചിവിപണിയിൽ 50 ശതമാനവും കൈകാര്യംചെയ്യുന്ന ഏജൻസിയായി മാറാനാണ് ശ്രമം.



വിലനിർണയത്തിൽ സുപ്രധാനശക്തിയായി മാറാനും കുടുംബശ്രീ ലക്ഷ്യമിടുന്നു. ആവശ്യാനുസരണം കോഴിയിറച്ചി ഇപ്പോൾ നൽകാൻ കഴിയുന്നില്ല. ഇപ്പോൾ 11 ജില്ലകളിൽമാത്രമാണ് കേരള ചിക്കന്റെ വിൽപ്പനശാലകളുള്ളത്. ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിൽക്കൂടി അടുത്തമാസം ആദ്യംമുതൽ പുതിയ ഫാമുകളും വിപണനശാലകളും ആരംഭിക്കും.

കോഴിക്കുഞ്ഞുങ്ങളെയും അവയ്ക്കുള്ള തീറ്റ, മരുന്ന് എന്നിവയും സംരംഭകർക്ക് നൽകുകയും കുഞ്ഞുങ്ങൾ പൂർണവളർച്ചയെത്തുമ്പോൾ തിരിച്ചെടുക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. ഇത്തരത്തിൽ ഫാം നടത്തിപ്പിന് അപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വൻ വർധനയാണ് ഇപ്പോഴുള്ളത്. നിലവിലെ ഫാമുകളുടെ വികസനത്തിനും കൂടുതൽ ചെറുകിട കർഷകരെക്കൂടി ഉൾപ്പെടുത്തി കോഴിവളർത്തൽ വിപുലമാക്കാനുമുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.ഇതുവഴി കൂടുതൽ തൊഴിലവസരങ്ങളും ലഭ്യമാകും. പാലക്കാട്ടും തളിപ്പറമ്പിലും ഉടൻ പുതിയ ഹാച്ചറികൾ ഉടൻ ആരംഭിക്കുന്നതോടെ പുറത്തുനിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് ഒഴിവാക്കാനുമാകും.



# നിറഞ്ഞു വിളയും ചെറുനാരകം

അടുക്കളയിൽ നിത്യേന ഉപയോഗമുള്ള പോഷകഔഷധ ഫലമാണ് ചെറുനാരങ്ങ. സമൃദ്ധമായി വിളഞ്ഞുനിൽക്കുന്ന നാരകം ആഹ്ലാദകരമായ കാഴ്ച തന്നെ. വീട്ടുവളപ്പിൽ സ്ഥലമില്ലാത്തവർക്ക് ടെറസിലും ചെറുനാരകം വളർത്താം. കേരളത്തിന്റെ കാലാവസ്ഥയിൽ നല്ല വിളവു നൽകുന്നതും അനായാസം പരിപാലിക്കാവുന്നതുമായ പഴച്ചെടി. റൂട്ടേസിയേ കുടുംബത്തിൽപ്പെട്ട ഈ നിത്യഹരിത ചെറുവൃക്ഷത്തിന്റെ ശാസ്ത്രനാമം സിട്രസ് ഔറൻഷിഫോളിയ. ഉയർന്ന അളവിൽ നിരോക്സീകാരികളും വൈറ്റമിൻ സിയും അടങ്ങിയിരിക്കുന്നു. പൊട്ടാസ്യം, കാത്സ്യം, സോഡിയം എന്നിവയും സമൃദ്ധം. രോഗപ്രതിരോധശേഷി വർധിപ്പിക്കാനും ഹൃദയം, ത്വക്ക്, ശ്വാസകോശം എന്നിവയുടെ ആരോഗ്യം സംരക്ഷിക്കാനും വൃക്കയിലെ കല്ലുകളെ പ്രതിരോധിക്കാനും ദഹനപ്രക്രിയ സുഗമമാക്കാനും ചെറുനാരങ്ങ ഉപകരിക്കും. സൂര്യപ്രകാശം നേരിട്ടു ലഭിക്കുന്ന സ്ഥലമാണ് കൃഷിക്കു പറ്റിയത്. വിവിധതരം മണ്ണിൽ വളരുമെങ്കിലും ഇളക്കമുള്ള പശിമരാശി മണ്ണാണ് കൂടുതൽ യോജ്യം. മണ്ണിന്റെ പിഎച്ച് 5.5 –7.5 ആയിരിക്കുന്നതാണ് ചെടിവളർച്ചയ്ക്കു നല്ലത്. വിത്തുകൾ, പതിവച്ച തൈകൾ, ഒട്ടിച്ച തൈകൾ എന്നിവ നടീൽവസ്തുവായി ഉപയോഗിക്കാം. പഴങ്ങളിൽനിന്നെടുക്കുന്ന വിത്തുകൾ 3 ദിവസത്തിനുള്ളിൽ പാകാൻ ശ്രദ്ധിക്കണം. 3 ആഴ്ചയ്ക്കുള്ളിൽ ഈ വിത്തുകൾ മുളയ്ക്കും. നിലം നന്നായി കിളച്ചൊരുക്കി കളകൾ നീക്കം ചെയ്തത് 1X1X1 മീറ്റർ ആളവിൽ കുഴിയെടുത്ത് മേൽമണ്ണും 10 കിലോ ട്രൈക്കോഡെർമ ചേർത്ത സമ്പുഷ്ടീകൃത ചാണകവും ഒപ്പം ഒരു കിലോ വീതം വേപ്പിൻപിണ്ണാക്കും എല്ലുപൊടിയും ചേർത്ത് കുഴി നിറയ്ക്കുക. കുഴി നിത്യവും നനച്ച് രണ്ടാഴ്ചയ്ക്കുശേഷം അൽപം വാം കൂടി ചേർത്തശേഷം ഒരു വർഷം പ്രായമായ നല്ല ആരോഗ്യമുള്ള തൈകൾ തിരഞ്ഞെടുത്ത് നടുക. ജൂൺ മുതൽ ഓഗസ്റ്റ് വരെയാണ് നടീൽക്കാലം, മഴസമയത്തു നടുന്നതാണ് ഉത്തമം. തൈകൾ തമ്മിൽ 4–5 മീറ്റർ അകലം നൽകാം.

വേനൽക്കാലത്ത് പുതയിടുന്നത് ഈർപ്പം നിലനിർത്താനും കളനിയന്ത്രിക്കാനും സഹായിക്കും. കീടങ്ങളെ കൈകൊണ്ട് എടുത്തു നശിപ്പിക്കുക. ഉണങ്ങിയ കമ്പുകൾ വെട്ടിനശിപ്പിക്കുക. കീടങ്ങൾക്കെതിരെ ബ്യുവേറിയ 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. ശാസ്ത്രീയ പരിപാലനവും ജൈവ കീടനിയ ന്ത്രണമാർഗങ്ങളും അവലംബിച്ച് ചെടിയെ ആരോഗ്യത്തോടെ നിലനിർത്താം. ചെടിയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വിളവിനും കമ്പുകോതൽ പ്രധാനം. വിളവെടുപ്പിനുശേഷമാണ് ഇതു ചെയ്യേണ്ടത്. ചെടിക്കുള്ളിലേക്ക് നന്നായി വെയിൽ കടക്കുംവിധമാകണം കമ്പുകോതൽ. രോഗം വന്നതും ഉണങ്ങിയതുമായ കമ്പുകളും മുറിച്ചു നീക്കണം.



# പൂന്തോട്ടത്തിൽ താരമായി പുതിയ ലില്ലി

ചെടിയുടെ നടീൽവസ്തുവിൽനിന്നുതന്നെ വലിയ പൂക്കളുമായി പൂങ്കുല നേരിട്ട് ഉണ്ടായി വരിക! വിദേശത്തുനിന്ന് നമ്മുടെ നാട്ടിൽ വന്നെത്തിയ അമാരിലിസ് ലില്ലിയിലാണ് സവോളപോലുള്ള ബൾബിൽനിന്നു തണ്ടും ഇലയും ഒന്നും ഉണ്ടാകാതെ പൂങ്കുലയുണ്ടാകുന്നത്.

ദക്ഷിണാഫ്രിക്ക ജന്മദേശമായ ഈ ലില്ലിയുടെ ഒട്ടേറെ സങ്കര, അലങ്കാര ഇനങ്ങൾ ഇന്നു വിപണിയിൽ ലഭ്യമാണ്. നമ്മുടെ നാട്ടിൽ മഴക്കാലം കഴിഞ്ഞ് അധികം ചൂടില്ലാത്ത കാലാവസ്ഥയിലാണ് അമാരിലിസ് നന്നായി വളരുകയും പുഷ്പിക്കുകയും ചെയ്യുക. കടുത്ത വേനലായാൽ പൂക്കളുടെ വലുപ്പവും ചെടിയിലുള്ള ആയുസ്സും കുറയും.

ഓൺലൈൻ വിപണിയിൽ ലഭ്യമായ ബൾബ് ആണ് ഈ ചെടിയുടെ പ്രധാന നടീൽവസ്തു. വിശ്വാസയോഗ്യമായ സൈറ്റിൽനിന്നു മുൻപ് വാങ്ങിയവരുടെ അഭിപ്രായങ്ങൾ വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഓർഡർ ചെയ്യുക. ബൾബിനുള്ളിൽ ചെടി ഉറങ്ങിക്കിടക്കുന്ന അവസ്ഥയിലായിരിക്കും. ഇത്തരം ബൾബിനുള്ളിൽ ശേഖരിച്ചു വച്ചിട്ടുള്ള ഭക്ഷണം ഉപയോഗിച്ചാണ് ചെടി വീണ്ടും വളരുക. അതുകൊണ്ട് നല്ല വലുപ്പവും ബലവുമുള്ള ബൾബ് തന്നെ വാങ്ങണം. സവോള പോലെ ഇളം തവിട്ടു നിറത്തിൽ ആവരണമുള്ള ബൾബിന്റെ ഏതെങ്കിലും ഭാഗത്തു കാണുന്ന പച്ച നിറം നല്ല ആരോഗ്യത്തിന്റെ ലക്ഷണമാണ്. ചുവട്ടിൽ ചിലപ്പോൾ ഉണങ്ങിയ വേരുകൾ കാണാം. വേരുകൾ മുഴുവൻ നീക്കിയ വിധത്തിലും ബൾബ് ലഭ്യമാണ്. വലുപ്പം കുറഞ്ഞ ബൾബിൽ ആവശ്യത്തിനു ഭക്ഷണം ശേഖരിച്ചു വച്ചിട്ടില്ലാത്തതു കാരണം പൂക്കൾക്ക് പകരം ഇലകളായിരിക്കും ഉണ്ടായിവരിക. ഇലകൾ വഴി ഉൽപാദിപ്പിക്കുന്ന ഭക്ഷണം ബൾബിനുള്ളിൽ സംഭരിക്കുകയും അതുവഴി ബൾബിന് ആവശ്യത്തിനു വലുപ്പം വയ്ക്കുകയും ചെയ്യും. അടുത്ത സീസണിൽ ഈ ബൾബിൽനിന്നു പൂങ്കുല ഉണ്ടായി വരും.

ബൾബിന്റെ തുടർവളർച്ചയും പൂവിടീലുമെല്ലാം ചെടി വളരുന്ന ചട്ടിയുടെ വലുപ്പത്തെയും മിശ്രിത ത്തിന്റെ ഘടനയെയും ആശ്രയിച്ചിരിക്കും. ചട്ടിക്കു കുറഞ്ഞത് 8 ഇഞ്ച് വലുപ്പം വേണം, നന്നായി ചകിരിച്ചോറ് ചേർത്താവണം പോട്ടിങ് മിശ്രിതം. വളമായി ഉണങ്ങിയ ചാണകപ്പൊടി മതി. ചെറിയ ചട്ടിയിലും വളർന്നു പൂവിടുമെങ്കിലും ചിലപ്പോൾ പൂങ്കുലയുടെ ഭാരം കാരണം ബൾബ് ഉൾപ്പെടെ മറിഞ്ഞു വീഴാം. ചെറിയ ചട്ടിയിൽ പൂക്കളുടെ വലുപ്പം കുറയാനുമിടയുണ്ട്.



കെ.ആർ. ഗൗരിയമ്മയുടെ നാലാം ചരമ വാർഷികത്തോടനുബന്ധിച്ച് ജെ.എസ്.എസ്. എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു പുഷ്പാർച്ചന നടത്തുന്നു. വി.കെ.സുനിൽകുമാർ, മധു അയ്യംപിള്ളി,ഡോ.അഭിലാഷ് നാഥ്, എൽദോസ് പെരുമ്പാവൂർ, കെ.ഹംസകോയ തുടങ്ങിയവർ സമീപം.

# ഗൗരിയമ്മയുടെ നാലാം ചരമവാർഷികം ആചരിച്ചു

**കൊച്ചി:** കേരള ജനത അത്യധികം അഭിമാന സ്നേഹാരങ്ങളോടെ സ്മരിക്കുന്ന രാഷ്ട്രീയ കേരളത്തിന്റെ വിപ്ലവനായികയായിരുന്നു കെ.ആർ. ഗൗരിയമ്മയെന്ന് ജെ.എസ്.എസ്. സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ.എ.എൻ. രാജൻ ബാബു. ദീർഘവും സംഭവബഹുലവമായ ഒരു കർമ്മകാണ്ഡം അവകാശപ്പെടാവുന്ന മറ്റൊരു രാഷ്ട്രീയ നേതാവ് ഗൗരിയമ്മയെപ്പോലെ കേരളത്തിലെന്നല്ല ഇന്ത്യയിൽ തന്നെയില്ല. പൗരുഷം പുരുഷന്റെ കുത്തകയാണെന്ന സങ്കൽപത്തെയും ഇടിച്ചുനിരത്തിയ ധീര വനിതയായിരുന്നു ശാക്തീകരണത്തിനുവേണ്ടി പോരാടിയ ഗൗരിയമ്മയെന്നും അദ്ദേഹം പറഞ്ഞു.

ജെ.എസ്.എസ്. എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു രാജൻ ബാബു. ചടങ്ങിൽ ജില്ലാ പ്രസിഡന്റ് മധു അയ്യമ്പിള്ളി അധ്യക്ഷത വഹിച്ചു.ജില്ലാ സെക്രട്ടറി വി.കെ.സുനിൽകുമാർ മുഖ്യ പ്രഭാഷണം നടത്തി. സെന്റർ അംഗങ്ങളായ അഡ്വ.കെ.വി.ഭാസി, അഡ്വ.സുനിത.കെ.വിനോദ്, ജെ.വൈ.എസ്സ്. സംസ്ഥാന കൺവീനർ ഡോ.അഭിലാഷ് നാഥ്, അയ്യപ്പൻകുട്ടി, ആന്റണി, എൽദോസ്, കോയ, ഗിരിജ, തുടങ്ങിയവർ സംസാരിച്ചു



കുറ്റ സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയുടെ സുവർണ ജൂബിലി പ്രമാണിച്ച് ഗവൺമെന്റ് ആശുപത്രിയിൽ പൊതിച്ചോറ് വിതരണത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് റസീന പരീത് നിർവഹിക്കുന്നു. വികാരി ഫാദർ മത്തായി ഇടപ്പാറ , ട്രസ്റ്റീമാരായ എൽഡോസ് കോച്ചാട്ട്, എൽദോ പറപ്പിള്ളികുഴിയിൽ, ജൂബിലി കമ്മിറ്റി കൺവീനർമാരായ ജോർജ് പി ഐ,സോജൻ തോമസ്, ബേബി പി പി, വർഗീസ് പി കെ എന്നിവർ സമീപം



ഇന്ത്യൻ ക്രിസ്റ്റ്യൻ മൂവ്മെന്റിന്റെയും ഓർബിസ്‌ലൈവ്സ് ഹെൽത്ത്കെയറിന്റെയും സംയുക്താഭിമുഖ്യത്തിൽ പാമ്പാക്കുട സെന്റ് ജോൺസ് എഫോസോസ് ഓർത്തഡോക്സ് കത്തിഡ്രലിൽ നടന്ന ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് ഉദ്ഘാടനം ഹൈക്കോടതി ജഡ്ജി എൻ.നാഗരേഷ് നിർവ്വഹിക്കുന്നു.ഡോ. ജോൺസ് കോനാട്ട്, ആന്റോൺ ഐസക്ക്, ഡോ.ജോൺ ജോസഫ് ഐ.ആർ.എസ്, ഫാ.ജോൺ കോനാട്ട്, ഡോ.സ്റ്റീവ്, അഡ്വ.കെ.വി.സാബു,ശ്രീകാന്ത്,ഫാ. ബേസിൽ ജോർജ് തുടങ്ങിയവർ സമീപം.

# ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു

**പാമ്പാക്കുട :** അമേരിക്ക ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിൽ രോഗനിർണ്ണയം നടത്തുന്നതിന് ഡോക്ടറെ കാണാൻ മാസങ്ങൾ എടുക്കുമ്പോൾ കേരളത്തിൽ മണിക്കൂറുകൾക്കകം ഏത് വിദഗ്ധ ഡോക്ടറെയും കാണാൻ സാധിക്കുമെന്നത് കേരളത്തിന്റെ ആരോഗ്യ സംരക്ഷണ മേഖലയുടെ പുരോഗതിയാണെന്ന് ഹൈക്കോടതി ജഡ്ജി എൻ.നാഗരേഷ് പറഞ്ഞു. ഇന്ത്യൻ ക്രിസ്റ്റ്യൻ മൂവ്മെന്റിന്റെയും ഓർബിസ്‌ലൈവ്സ് ഹെൽത്ത്കെയറിന്റെയും സംയുക്താഭിമുഖ്യത്തിൽ പാമ്പാക്കുട സെന്റ് ജോൺസ് എഫോസോസ് ഓർത്തഡോക്സ് കത്തിഡ്രലിൽ നടന്ന ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻ ജി.എസ്.ടി കൗൺസിൽ ചെയർമാൻ ഡോ.ജോൺ ജോസഫ് ഐ.ആർ.എസ് മുഖ്യ പ്രഭാഷണം നടത്തി. രോഗം വരാതെ നോക്കുന്നതാണ് ഏറ്റവും ഉത്തമമെന്ന് ക്യാമ്പ് ഡയറക്ടർ ഡോ.സ്റ്റീവ് പറഞ്ഞു. യുവാക്കളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ പരിപാലനത്തിനുമായി വേൾഡ് ബോക്സിംഗ് (കെയർ) ചാമ്പ്യൻ കെ.എസ്.വിനോദ് കണ്ടനാട് ഭദ്രാസന യുവജനസംഘം വൈസ് പ്രസിഡന്റ് ഫാ. ബേസിൽ ജോർജിന് സ്പോർട്സ് കിറ്റ് കൈമാറി. യോഗത്തിൽ മലങ്കര മൽപ്പാൻ ഡോ. ജോൺസ് കോനാട്ട്, ഇന്ത്യൻ ക്രസ്റ്റിയൻ മൂവ്മെന്റ് ജനറൽ സെക്രട്ടറി അഡ്വ.കെ.വി.സാബു, ഓർബിസ്‌ലൈവ്സ് സിഎംഡി ആന്റോൺ ഐസക്ക്, ഫാ.ജോൺ കോനാട്ട്, ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റി മെമ്പർ വി.കെ.വർഗീസ്, പാമ്പാക്കുട പഞ്ചായത്ത് പ്രസിഡന്റ് ശ്രീകാന്ത്, ഫാ.തോമസ് ജോൺ, എൽദോസ് തുടങ്ങിയവർ പ്രസംഗിച്ചു.



എറണാകുളം കലൂർ എം.ഇ.എസ് ഹാളിൽ കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ് ഇൻഡ്യ, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക ലൂപ്പസ് ദിനാചരണം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. ഡോ.കാവേരി കെ.നളിയന്ദ, ഡോ. പത്മനാഭ ഷേണായ്, ദിനേശ് മേനോൻ, വചസ്സമൃത തുടങ്ങിയവർ സമീപം.

# ലൂപ്പസ് രോഗികളുടെ ആവശ്യങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കും ഹൈബി ഈഡൻ എം.പി

**കൊച്ചി :** കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരിക്കുന്ന നാഷണൽ പോളിസി ഫോർ റെയർ ഡിസീസിൽ ലൂപ്പസ് രോഗത്തെയും ഉൾപ്പെടുത്തണമെന്ന ലൂപ്പസ് രോഗികളുടെ ആവശ്യം പാർലമെന്റിൽ അവതരിപ്പിക്കുമെന്ന് ഹൈബി ഈഡൻ എം.പി. എറണാകുളം കലൂർ എം.ഇ.എസ് ഹാളിൽ കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ് ഇൻഡ്യ, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക ലൂപ്പസ് ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രോഗങ്ങളെ ചെറുക്കുന്നതിനുള്ള ശരീരത്തിന്റെ രോഗപ്രതിരോധശേഷി അവനവന്റെ കോശങ്ങൾളെ തിരിഞ്ഞ് ആക്രമിക്കുന്ന പ്രതിഭാസത്തെയാണ് ലൂപ്പസ് എന്ന് പറയുന്നത്. ലൂപ്പസ് ഗൗരവമേറിയ രോഗം തന്നെയാണ്.ചികിത്സയിലൂടെ പൂർണ്ണമായും സുഖപ്പെടുത്താൻ സാധിക്കാത്ത ഈ രോഗത്തെ ചികിത്സിച്ച് വരുതിയിലാക്കാൻ മാത്രമേ കഴിയൂ. സ്ത്രീകളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. കേരളത്തിൽ മുപ്പതിനായിരത്തിലധികവും രാജ്യത്ത് പത്ത് ലക്ഷത്തിലധികവും ലൂപ്പസ് രോഗികൾ ഉണ്ടെന്നത് ഞെട്ടിക്കുന്ന വിവരമാണ്. ഇവർക്ക് ഇൻഷുറൻസ് പരിരക്ഷയും, സർക്കാർ ചികിത്സാ സഹായവും ലഭിക്കുന്നതിനാവശ്യമായ നിയമ നടപടികൾ ഈ വരുന്ന പാർലമെന്റ് സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുമെന്നും ഹൈബി ഈഡൻ പറഞ്ഞു.

കുടുംബാംഗങ്ങളുടെ അകമഴിഞ്ഞ കരുതലും സ്നേഹവും ആവശ്യമായ ലൂപ്പസ് രോഗികൾ തങ്ങളുടെ ചിന്തകളെ ശുദ്ധമാക്കി വയ്ക്കുന്നതിനൊപ്പം വ്യാജ വാർത്തകളെയും വ്യാജ ചികിത്സകളെയും കരുതിയിരിക്കണെന്നും ഒരേ തരത്തിലുള്ള രോഗത്താൽ വിഷമിക്കുന്നവരുടെ ഒത്തുചേരലുകൾ മനസിന്റെ സങ്കടങ്ങളെ കുറയ്ക്കാൻ സഹായിക്കുമെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഷേണായ്സ് കെയർ മെഡിക്കൽ ഡയറക്ടർ ഡോ. പത്മനാഭ ഷേണായ് പറഞ്ഞു.ലൂപ്പസ് സംബന്ധിച്ചുള്ള വിവിധ വിഷയങ്ങളിൽ ഡോ. ആൻസി ചാക്കോ, ഡോ. ബി.ആർ ഇന്ദു, ഡോ. കാർത്തിക് ഗണേഷ്, ഡോ. അനുരൂപാ വിജയൻ, ഡോ. കാവേരി കെ നളിയന്ദ തുടങ്ങിയവർ ക്ലാസുകളെടുത്തു. ലൂപ്പസ് രോഗികൾക്കായി പ്രവർത്തിക്കുന്ന ലൂപ്പസ് ട്രസ്റ്റ് ഇന്ത്യയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് മിസ് വചസ്സമൃത, സെക്രട്ടറി ദിനേശ് മേനോൻ എന്നിവർ വിശദീകരിച്ചു. ലൂപ്പസ് രോഗികളും കുടുംബാംഗങ്ങളും ചേർന്ന് വിവിധ കലാപരിപാടികൾ നടത്തി.



കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് എളമക്കര പേരണ്ടൂർ ഭഗവതി ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച തിരുവാഭരണ ഘോഷയാത്ര.

# പാവക്കുളത്ത് പൗർണ്ണമിപ്പൊങ്കാല മഹോൽസവം ഇന്ന്

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പൗർണ്ണമിപ്പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമികത്വത്തിൽ ഇന്ന് രാവിലെ 8 .30 ന് ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയും സഹധർമിണി ലയ അന്തർജനവും തലപൊങ്കാല അടുപ്പിലേക്ക് ദിവ്യജ്യോതി പകരും. ശേഷം മറ്റു പൊങ്കാല അടുപ്പുകളിലേക്കും ദീപം പകരും. രാവിലെ ഏഴു മുതൽ രാജരാജേശ്വരി ഹോമം, ഏഴിന് ദേവിക്ക് വിശേഷാൽ അഷ്ടാഭിഷേകം ഉണ്ടാകും. പ്പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് ക്ഷേത്രം ഭാരവാഹികളുടെ നേതൃത്വത്തിൽ ഇന്നലെ നടന്ന തിരുവാഭരണ ഘോഷയാത്ര താള മേളങ്ങളോടെ എളമക്കര പേരണ്ടൂർ ഭഗവതി ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ട് പാവക്കുളത്തെത്തിച്ചേർന്നു.

# സ്തുത്യർഹമായ സേവനം കാഴ്ചവച്ച നഴ്സുമാർക്കുള്ള അവാർഡ് പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച നഴ്സുമാർക്കുള്ള സംസ്ഥാനതല അവാർഡ് (സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽ നിന്നുള്ള നഴ്സുമാരെയാണ് അവാർഡിനായി പരിഗണിച്ചത്. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയാണ് സൂക്ഷ്മ പരിശോധന നടത്തി അവാർഡിന് അർഹരായവരെ തെരഞ്ഞെടുത്തത്.

ആരോഗ്യ വകുപ്പിൽ ജനറൽ നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി ജില്ലാ ആശുപത്രി നഴ്സിംഗ് ഓഫീസർ അരുൺകുമാർ പിഎം, ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി വാളറ ദേവിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജി. ജോൺ എന്നിവർക്കാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിംഗ് വിഭാഗം സംസ്ഥാന തലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രി സീനിയർ നഴ്സിംഗ് ഓഫീസർ ജ്യോതി കെ, ജില്ലാതലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സീനിയർ നഴ്സിംഗ് ഓഫീസർ ഷാനിഫ ബീവി എച്ച്. എന്നിവർ പുരസ്കാരത്തിന് അർഹരായി.

ജനറൽ നഴ്സിംഗ് ജില്ലാ തലത്തിൽ ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ സബിത എസ്., കടയ്ക്കൽ താലൂക്ക് ആശുപത്രിയിലെ മീനു എ.എസ്., കോട്ടയം പാലാ ജനറൽ ആശുപത്രിയിലെ സിന്ധു പി നാരായണൻ, എറണാകുളം ജനറൽ ആശുപത്രിയിലെ ശ്യാമള എ എൻ, തൃശൂർ ജനറൽ ആശുപത്രിയിലെ ജിഷ എസ്., കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ ഷൈലജ ടി.കെ. ഇടുക്കി കുമിളി കുടുംബാരോഗ്യ കേന്ദ്രത്തിലെ മേഴ്സി ചാക്കോ, കാസർഗോഡ് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ബിനി പി എന്നിവർ പുരസ്കാരത്തിന് അർഹരായി.

പബ്ലിക് ഹെൽത്ത് ജില്ലാതല വിഭാഗത്തിൽ തിരുവനന്തപുരം പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫ്ളോറൻസ്, കൊല്ലം ശൂരനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സുബീന കാസിം, ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ബിന്ദു കുമാരി ടി., കാസർഗോഡ് ചെറുവത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ സ്മിത രാമൻ എന്നിവർ പുരസ്കാരത്തിന് അർഹരായി.

# കിക്ക് ഡ്രഗ്സ്: പുതുക്കിയ തിയതികൾ

**തിരുവനന്തപുരം:** ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി കായിക വകുപ്പും സ്പോർട്സ് കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന കിക്ക് ഡ്രഗ്സ് ലഹരി വിരുദ്ധ ക്യാമ്പയിന്റെ പുതുക്കിയ തിയതികൾ പ്രഖ്യാപിച്ചു. മേയ് 14 ന് തിരുവനന്തപുരത്തും 15 ന് കൊല്ലത്തും 16 ന് പത്തനംതിട്ടയിലും 17 ന് ആലപ്പുഴയിലും 19 ന് കോട്ടയത്തും 21 ന് ഇടുക്കിയിലും 22 ന് എറണാകുളത്തും 23 തൃശ്ശൂരിലും ലഹരി വിരുദ്ധ സന്ദേശ യാത്ര എത്തിച്ചേരും. മേയ് 24 ന് മലപ്പുറത്ത് സമാപിക്കും. പുതുതലമുറയെ ലഹരിയിൽ നിന്നും മോചിപ്പിക്കുന്നതിന് കായിക മേഖലയ്ക്കുള്ള പ്രാധാന്യം മനസിലാക്കിയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

# സ്കൂൾ ഫെയറുകളുടെ ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** പഠനോപകരണങ്ങൾ വിലക്കുറവിൽ ലഭ്യമാക്കാനായി സജ്ജമാക്കുന്ന സ്കൂൾ ഫെയറുകളുടെ ഉദ്ഘാടനം ഇന്ന് (മേയ് 12) രാവിലെ 9 മണിക്ക് തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ നിർവഹിക്കും. സപ്ലൈകോയുടെ എല്ലാ സൂപ്പർമാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ഹൈപ്പർമാർക്കറ്റുകളുമാണ് സ്കൂൾ ഫെയറുകളായി പ്രവർത്തിപ്പിക്കുന്നത്.

എം എൽ എ ആന്റണി രാജു അധ്യക്ഷനാകുന്ന ചടങ്ങിൽ ഡെപ്യൂട്ടി മേയർ പി കെ രാജു, കൗൺസലർ ജാനകി അമ്മാൾ എസ്, സപ്ലൈകോ ചെയർമാൻ പി ബി നൂഹ്, മേഖലാ മാനേജർ സജാദ് എ എന്നിവർ സംബന്ധിക്കും.

# നവീകരിച്ച കനാലുകളിലൂടെ ജലഗതാഗതം, വാട്ടർ സ്പോർട്സ്, ചെറു ബോട്ടുകൾ വാങ്ങാനൊരുങ്ങി കൊച്ചി മെട്രോ

**കൊച്ചി:**നഗര വികസനത്തിൽ വലിയ മാറ്റങ്ങൾക്ക് കളമൊരുക്കുന്ന പരിഷ്കരിച്ച കനാൽ നീവകരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതോടെ കൊച്ചി നേരിടുന്ന നിരവധി പ്രശ്നങ്ങളുടെ പരിഹാരത്തിനൊപ്പം നഗര ഗതാഗതത്തിൽ മറ്റൊരു പുതിയ മാതൃകയ്ക്കും ടൂറിസം വികസനത്തിനും തുടക്കം കുറിയ്ക്കുകയാണ് കൊച്ചി മെട്രോ.

3716.10 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകിയതിൽ അതിയായ സന്തോഷമുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ കാനാലുകളിലൂടെയുള്ള ഗതാഗതത്തിനും കനാൽ തീരങ്ങളിൽ വാട്ടർ സ്പോർട്സ് ഉൾപ്പെടയുള്ളവ ഏർപ്പെടുത്തുന്നതിനും നഗര ഗതാഗതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കുമാണ് കളമൊരുങ്ങുന്നത് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ പറഞ്ഞു.

കൊച്ചിയിലെ കനാൽ കാഴ്ചകൾക്ക് ഇനി മുമ്പെങ്ങുമില്ലാത്ത സൗന്ദര്യം ഒരുക്കാനും മഴക്കാലത്ത് ബുദ്ധിമുട്ടിക്കുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം ഉണ്ടാക്കാനും തീർത്താലും തീരാത്ത മാലിന്യപ്രശ്നത്തിന് ശാശ്വതമായ അറുതി വരുത്താനും പദ്ധതിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഇതിനൊപ്പം തന്നെ കൊച്ചിക്ക് പുതിയ ചില ടൂറിസം കേന്ദ്രങ്ങൾകൂടി പദ്ധതി പൂർത്തിയാകുന്നതോടെ ലഭിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നഗരത്തിലെ ആറു കനാലുകളാണ് ആഴം കൂട്ടി സൗന്ദര്യവൽക്കരിക്കുന്നത്. പെരണ്ടൂർ, ചിലവന്നൂർ, ഇടപ്പള്ളി, തേവര, കോന്തുരുത്തി, മാർക്കറ്റ് കനാൽ എന്നിവയാണവ. എല്ലാ കനാലുകളും ആഴം കൂട്ടി ചുരുങ്ങിയത് 16.5 മീറ്റർ വീതി ഉറപ്പാക്കും. എല്ലാ കനാലുകളുടെയും ഇരുവശത്തും നടപ്പാതകൾ നിർമിച്ച് മനോഹരമാക്കും.

ഇതിൽ ഇടപ്പള്ളി, ചിലവന്നൂർ കനാലുകളിലാണ് ബോട്ട് സർവ്വീസ് ആരംഭിക്കുക. ഇടപ്പള്ളി കനാൽ ഗതാഗതയോഗ്യമാക്കുന്നതോടെ മുട്ടാർ മുതൽ ചിത്രപ്പുഴവരെയുള്ള 11.50 കിലോമീറ്റർ ദൂരത്ത് അരമണിക്കൂർ ഇടവിട്ട് ബോട്ട് സർവ്വീസ് ആരംഭിക്കാനാകും. ഇതിനായി 3.5 മീറ്റർ ഉയരമുള്ള 10 ബോട്ടുകൾ വാങ്ങാനാണ് കൊച്ചി മെട്രോ ഉദ്ദേശിക്കുന്നത്.

വൈറ്റിലതേവര റൂട്ടിൽ വാട്ടർ മെട്രോ സർവ്വീസ് തുടങ്ങുമ്പോൾ ഗതാഗതയോഗ്യമായ ചിലവന്നൂർ കനാലിലൂടെ കടവന്ത്ര മെട്രോയുമായും ബന്ധിപ്പിക്കാനാകും. ഈ കനാൽ തീരത്ത് 2.5 ഏക്കർ സ്ഥലം ഇപ്പോൾ പുറമ്പോക്ക് ഉണ്ട്. ഇവിടം സൗന്ദര്യവൽക്കരിച്ച് വാട്ടർസ്പോട്സ് ഉൾപ്പെടെയുള്ളവ ഏർപ്പെടുത്താനും പദ്ധതിയുണ്ട്. കൊച്ചിക്ക് മറ്റൊരു മറൈൻഡ്രൈവ് കൂടി കിട്ടാനുള്ള സാഹചര്യമാണ് ഉയർന്നുവരുന്നത്. ചിലവന്നൂർ കനാൽ പരിസരത്ത് മനോഹരമായ നടപ്പാതകൾ പണിയും. വിനോദത്തിനുള്ള ഉപാധികളും ഏർപ്പെടുത്തും. ഇവിടെ താമസിക്കുന്നവർക്ക് ആരോഗ്യകരമായ ഒരു ജീവിത ശൈലി പിന്തുടരുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.' ലോകനാഥ് ബെഹ്റ പറഞ്ഞു. ചിലവന്നൂർ കനാലിനു സമീപം ബണ്ട് റോഡിന്റെ പുനർനിർമാണം അതിവേഗം പുരോഗമിക്കുകയാണ് എന്നും 90 മീറ്റർ സ്പാനിലാണ് പാലം നിർമാണം എന്നും വെള്ളമൊഴുക്ക് സുഗമമാക്കാൻ ഇത് സഹായിക്കും എന്നും അദ്ദേഹം പറഞ്ഞു. മഴക്കാലത്ത് നഗരത്തിലെ വെള്ളപ്പൊക്കം മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കാനും ഇത് സഹായിക്കും. ബണ്ട് റോഡ് പാലവും ചിലവന്നൂർ കനാൽ നീവകരണവും പൂർത്തിയാകുന്നതോടെ ഈ മേഖലയുടെ ടൂറിസം സാധ്യതകൾ പതിന്മടങ്ങായി വർധിക്കുമെന്ന് ലോക്നാഥ് ബഹ്റ ചൂണ്ടിക്കാട്ടി. ഇവയ്ക്ക് പുറമെയാണ് പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. എളംകുളം, വെണ്ണല, പെരണ്ടൂർ, മുട്ടാർ എന്നിവിടങ്ങളിലാണ് 1325 കോടി രൂപ മുടക്കി നാല് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്.

# നഴ്സുമാർ നടത്തുന്നത് സമാനതകളില്ലാത്ത ആതുര സേവനം: മന്ത്രി വീണാ ജോർജ്

## ഇന്ന്അന്താരാഷ്ട്ര നഴ്സസ് ദിനം

**തിരുവനന്തപുരം:** നഴ്സുമാർ നടത്തുന്നത് സമാനതകളില്ലാത്ത ആതുര സേവനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നഴ്സിംഗ് മേഖലയുടെ പുരോഗതിയ്ക്കായി സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ഇതോടൊപ്പം നഴ്സിംഗ് വിദ്യാഭാസത്തിന് മികച്ച പ്രോത്സാഹനവും പിന്തുണയുമാണ് നൽകിവരുന്നത്. സർക്കാർ മേഖലയിൽ കാസർഗോഡ്, വയനാട്, ഇടുക്കി, പാലക്കാട്, കൊല്ലം, മഞ്ചേരി പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലും എന്നിവിടങ്ങളിലും സിമെറ്റിന്റെ കീഴിൽ നെയ്യാറ്റിൻകര, വർക്കല, നൂറനാട്, കോന്നി, താനൂർ, ധർമ്മടം, തളിപ്പറമ്പ് എന്നിവിടങ്ങളും ഉൾപ്പെടെ 15 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. ഇതിലൂടെ സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം കഴിഞ്ഞ വർഷം 1020 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ചു. സർക്കാർ, സ്വകാര്യ മേഖലകളിലായി ബി.എസ്.സി. നഴ്സിംഗ് സീറ്റുകളുടെ എണ്ണം 9821 സീറ്റുകളാക്കി വർധിപ്പിച്ചു. തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സ് ആരംഭിച്ചു. ജനറൽ നഴ്സിങ്ങിന് 100 സീറ്റുകൾ വർധിപ്പിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചു.



ആതുരസേവന രംഗത്തെ പ്രൊഫഷണലുകളുടെ ഏറ്റവും വലിയ ഗ്രൂപ്പാണ് നഴ്സിംഗ്. നമ്മുടെ നഴ്സുമാരുടെ സേവന സന്നദ്ധതയും കഴിവും പ്രാഗത്ഭ്യവും മൂലം ആഗോള തലത്തിൽ മലയാളി നഴ്സുമാർക്ക് വലിയ സ്വീകാര്യതയാണുള്ളത്. അത് മുന്നിൽ കണ്ട് വലിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് മികച്ച അവസരങ്ങൾ ലഭ്യമാക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രി വീണാ ജോർജ് ഉൾപ്പെടെയുള്ള സംഘം ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ ഫലമായി വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് വലിയ അവസരങ്ങളാണ് ലഭ്യമായത്.

ആധുനിക നഴ്സിങ്ങിന്റെ മാതാവായ ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായ മേയ് 12 ആണ് അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ നഴ്സസ് ദിന സന്ദേശം 'നമ്മുടെ നഴ്സുമാർ, നമ്മുടെ ഭാവി നഴ്സുമാരുടെ ക്ഷേമം ഉറപ്പാക്കുന്നത് സമ്പദ് വ്യവസ്ഥ ശക്തമാക്കുന്നു' എന്നതാണ്. മെയ് 12ന് വൈകുന്നേരം 4 മണിക്ക് എ.കെ.ജി ഹാളിൽ വച്ച് നടക്കുന്ന സംസ്ഥാന നഴ്സസ് ദിനാഘോഷം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി മുഖ്യ പ്രഭാഷണം നടത്തും. ചടങ്ങിൽ ഗോപിനാഥ് മുതുകാട് മുഖ്യാതിഥിയാകും. സമ്മേളന ഹാളിൽ ലഹരി വിരുദ്ധ ദീപം തെളിയിക്കും. വിവിധ കലാപരിപാടികളോട് കൂടി ഈ വർഷത്തെ നഴ്സസ് ദിനാഘോഷം സമാപിക്കും.




# അറക്കൽ ഗോൾഡ് & ഡയമണ്ട്സ് ഷാർജ സഫാരി മാളിൽ

**ഷാർജ:** അറക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഷോറൂം ഏപ്രിൽ 27ന് ഷാർജയിലെ സഫാരി മാളിൽ പ്രവർത്തനം തുടങ്ങും. ഇതിൻറെ ഭാഗമായി 2025ലേയ്ക്ക് മാത്രമായുള്ള 500 കിലോയിലധികം സ്വർണത്തിൻറെ പുതിയ ഡിസൈനുകൾ അറക്കൽ അവതരിപ്പിക്കും.

ആകർഷണീയവും വിശേഷാവസരങ്ങൾക്ക് അനുയോജ്യവുമായ ആഭരണങ്ങളാണ് പുതിയ ശേഖരങ്ങളിലുള്ളതെന്ന് അറക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ചെയർമാൻ തൻവീർ സി.പി. വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മികച്ച ഡിസൈനുകളിൽ മികവുറ്റ ആഭരണങ്ങൾ ഏറ്റവും ഗുണമേന്മയിൽ നൽകാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

2025 ഓഗസ്റ്റിൽ അറക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സിൻറെ പുതിയ ഷോറൂം അബൂദബിയിൽ തുറക്കും. വർഷാവസാനത്തോടെ ഒമാൻ, സൗദി അറേബ്യ, ഖത്തർ എന്നിവിടങ്ങളിൽ കൂടി സ്റ്റോറുകൾ തുറക്കുമെന്ന് മാനേജ്മെ ൻറ് പ്രതിനിധികൾ അറിയിച്ചു.

2026ൽ യൂറോപ്യൻ വിപണിയിലേക്ക് പ്രവേശിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ താഹിർ മുഹമ്മദ് പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രത്യേക ഓഫറുകളും സമ്മാനങ്ങളുമുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# രവി ഇൻഫ്രാബിൽഡ് പ്രോജക്ട്സ് ഐപിഒയ്ക്ക്

**കൊച്ചി:** പ്രമുഖ സംയോജിത സിവിൽ നിർമ്മാണ കമ്പനിയായ രവി ഇൻഫ്രാബിൽഡ് പ്രോജക്ട്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

റോഡുകൾ, പാലങ്ങൾ, തുരങ്കങ്ങൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കമ്പനി പത്ത് രൂപ മുഖവിലയുള്ള പുതിയ ഇക്വിറ്റി ഓഹരികളിലൂടെ 1,100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

# ദുബായിൽ സംരംഭകത്വ സംസ്കാരം വളർത്താൻ എൻറർപ്രണർഷിപ്പ് മേക്കേഴ്സ് ഫോറം

**ദുബായ്:** യുവജനങ്ങളുടെ സംരംഭകത്വ ശേഷിയെ സമൂഹത്തിൻറെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ദുബായ് ഇമിഗ്രേഷൻറെ നേതൃത്വത്തിൽ 'എൻറർപ്രണർഷിപ്പ് മേക്കേഴ്സ് ഫോറം' സംഘടിപ്പിച്ചു. 'ഹാർഡ് ഇൻ ഹാർഡ്' എന്ന പേരിലുള്ള ഈ സംരംഭം ദുബായ് അൽ ഖവാനീജ് മജ്‌ലിസിലാണ് നടത്തിയത്.

മൂന്നാം തവണയാണ് ജിഡിആർഎഫ്എ ഇത്തരത്തിലുള്ള പരിപാടി സംഘടിപ്പിക്കുന്നത്. സംരംഭകത്വ കാര്യങ്ങൾക്കായുള്ള മന്ത്രി അലിയ അബ്ദുല്ല അൽ മസ്രൂയി, ദുബായ് സാമൂഹിക വികസന അതോറിറ്റി ഡയറക്ടർ ജനറൽ ഹസ്സാ ബിൻത് ഈസ്സ ബുഹുമൈദ്, ജിഡിആർഎഫ്എ ഡയറക്ടർ ജനറൽ ലഫ്. ജനറൽ മുഹമ്മദ് അഹമ്മദ് അൽ മറി തുടങ്ങിയവർ മുഖ്യാതിഥികളായി പങ്കെടുത്തു.

വിജയകഥകൾ' എന്ന സെഷനിൽ എമിറാത്തി സംരംഭകരായ സഈദ് അൽ മുചത്വി, ബുതൈന അൽ മറി, ഹാല അൽ കർഗാവി, അബ്ദുല്ല അൽ അവധി എന്നിവർ തങ്ങളുടെ സംരംഭകത്വ യാത്രയിലെ അനുഭവങ്ങളും വെല്ലുവിളികളും പങ്കുവെച്ചു.

യുഎഇ യുവ സംരംഭക കൗൺസിൽ ചെയർമാൻ അബ്ദുല്ല ബിൻ നൈം അൽ ദരൈ, കൗൺസിൽ അംഗം ലതീഫ ബിൻ ഹൈദർ, സംരംഭകനും കണ്ടൻറ് ക്രിയേറ്ററുമായ ഖലീഫ അൽ മഹൈരി എന്നിവർ പ്രഭാഷണം നടത്തി.







# ജപ്പാൻ ബാങ്കായ സുമിതോമോ ഇന്ത്യയിലേക്ക്

**മുംബൈ:** ജപ്പാനിലെ ബാങ്കായ സുമിതോമോ മിത് സുയി ബാങ്കിംഗ് കോർപ് (എസ്എംബിസി) ഇന്ത്യയിലെ ഒരു ബാങ്കിൽ നിക്ഷേപം നടത്തിയേക്കുമെന്ന അഭ്യൂഹം കുറച്ചുകാലമായി കറങ്ങിനടപ്പുണ്ടായിരുന്നു. ഇപ്പോഴിതാ അത് യെസ് ബാങ്കിൽ ആണ് നിക്ഷേപിക്കാൻ പോകുന്നത് എന്ന വാർത്തയാണ് കേൾക്കുന്നത്.

യെസ് ബാങ്കിന്റെ 20 ശതമാനം ഓഹരികൾ 13428 കോടി രൂപയ്ക്ക് സുമിതോമോ മിത് സുയി ഏറ്റെടുക്കുമെന്നറിയുന്നു. പ്രതിസന്ധിയിലായിരുന്ന യെസ് ബാങ്കിനെ റിസർവ്വ് ബാങ്ക് നിർദേശപ്രകാരം എസ് ബിഐ ഉൾപ്പെടെയുള്ള പൊതുമേഖല ബാങ്കുകൾ നിക്ഷേപമിറക്കി രക്ഷപ്പെടുത്തുകയായിരുന്നു. ഈ ബാങ്കുകളുടെ കൈവശമുള്ള യെസ് ബാങ്കിന്റെ 20 ശതമാനം ഓഹരികളാണ് സുമിതോമോ മിത് സുയി വാങ്ങുക.

ഇതിൽ എസ് ബിഐയുടെ കയ്യിലുള്ള യെസ് ബാങ്കിന്റെ 13.19 ശതമാനം ഓഹരികളും ആക്സിസ് ബാങ്ക്, ബന്ധൻ ബാങ്ക്, ഫെഡറൽ ബാങ്ക്, എച്ച് ഡിഎഫ് സിബാങ്ക്, ഐഡിഎഫ് സി ഫസ്റ്റ് ബാങ്ക്, കൊടക് മഹീന്ദ്ര ബാങ്ക്, ഐസിഐസിഐ ബാങ്ക് എന്നിവയുടെ കൈവശമുള്ള യെസ് ബാങ്കിന്റെ മറ്റൊരു 6.81 ശതമാനം ഓഹരികളും സുമിതോമോ മിത് സുയി എന്ന ജപ്പാനിലെ ബാങ്ക് വാങ്ങും. ഏകദേശം 13,482 കോടി രൂപ നല്കിയായിരിക്കും ഇത്രയും ഓഹരികൾ സുമിതോമോ മിത്സുയി വാങ്ങുക. ബാങ്കിംഗ് രംഗത്ത് നടക്കുന്ന രാജ്യാതിർത്തിക്കപ്പുറത്തു നിന്നുള്ള ഒരു ഏറ്റെടുക്കലായിരിക്കും ഇത്.

ഈ വാർത്ത പുറത്തുവന്നതോടെ കഴിഞ്ഞ ദിവസം യെസ് ബാങ്കിന്റെ ഓഹരി വില എട്ട് ശതമാനത്തോളം കുതിച്ചു. 18 രൂപ 23 പൈസ എന്ന നിലയിൽ നിന്നും 20 രൂപ അഞ്ച് പൈസ എന്ന നിലയിലേക്ക് യെസ് ബാങ്ക് ഓഹരി വില ഉയർന്നിട്ടുണ്ട്. ഈ ഏറ്റെടുക്കൽ യാഥാർത്ഥ്യമായാൽ യെസ് ബാങ്കിന്റെ ഓഹരി വിലയിൽ വൻകുതിപ്പുണ്ടാകും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com